**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3487** **26-10-2021 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കി വരുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും സഹായിക്കുന്നതിനായി പുതുതായി കേരളത്തിൽ 150 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ എന്നി സ്ഥാപങ്ങൾ മുഖേനയാണ് FPO കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇത് വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ ഏകോപനവും FPO കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, |

| | | | |
|---|---|---|---|
| | | | സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ബി) | കൃഷിക്കാരുടെ സൗകര്യാർത്ഥം മണ്ണ്, ജല പരിശോധനാ ലാബുകൾ വ്യാപിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | സംസ്ഥാനത്തു കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും ഉൾപ്പടെ 15 സ്ഥാവര മണ്ണ് പരിശോധന ശാലകളുണ്ട് . കൂടാതെ നിലവിൽ 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകളും ഉണ്ട് . കൂടാതെ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ 7 മണ്ണ് പരിശോധന ശാലകളുണ്ട്. അഗ്രോ സർവീസ് സെന്ററുകളുടെ കീഴിൽ 2 മണ്ണ് പരിശോധന ശാലകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എന്നിവിടങ്ങളിലും മണ്ണ് പരിശോധന സൗകര്യം ലഭ്യമാണ്. ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് മണ്ണ് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. ആർ കെ വി വൈ പദ്ധതിയുടെ കീഴിലും നിലവിൽ പ്രവർത്തിക്കുന്ന അഗ്രോ സർവീസ് സെന്ററുകൾക്കും കൃത്യമായ പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചാൽ പുതിയ മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കുവാൻ അനുമതി ലഭിക്കുന്നതാണ്. തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാല, കോഴിക്കോട്ടും തൃശ്ശൂരും ആലപ്പുഴയിലുമുള്ള പ്രാദേശിക മണ്ണ് പരിശോധന ശാലകൾ, കാസർഗോഡ് ജില്ലയിലെയും പത്തനംതിട്ട ജില്ലയിലെയും സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, വയനാട്ടിലെ ഹൈടെക് മണ്ണ് പരിശോധനശാല എന്നിവയാണ് നിലവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മണ്ണ് പരിശോധനശാലകൾ. കൂടാതെ ഒരു സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലയും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. വകുപ്പിന് കീഴിലുള്ള ഏക സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാല വിവിധ ജില്ലകളിലെ ആവശ്യാനുസരണം അതാതു പ്രദേശങ്ങളിൽ മണ്ണ് പരിശോധന ക്യാമ്പുകൾ നടത്തി വരുന്നു. ഈ ലാബുകൾ മുഖേന അതാതു ജില്ലകൾ കൂടാതെ സമീപ ജില്ലകളിലെ കർഷകർക്കും മണ്ണിന്റെ രാസ ഭൗതിക പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം നൽകുന്നു. |

| | | | |
|---|---|---|---|
| | | | ജലസേചനത്തിനുപയോഗിക്കുന്ന ജലത്തിന്റെ ഗുണപരിശോധന മാത്രമാണ് നിലവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ലാബുകളിൽ നടത്തി വരുന്നത്. വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതികളുടെ ഭാഗമായോ, ഉപയോക്താക്കളുടെ ആവശ്യാനുസരണമോ ജലത്തിന്റെ അമ്ലത, വൈദ്യുത ചാലകത , ലവണാംശം മുതലായവ, വിശദമായ പരിശോധന നടത്തി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |